**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 182** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധിയിലാണോ എന്ന് വ്യക്തമാക്കാമോ; | (എ) | കെ എസ് ഇ ബി എൽ താൽക്കാലികമായി സാമ്പത്തിക പ്രയാസം നേരിടുന്നുണ്ട്.<br><br>2023 ലെ കാലവർഷത്തിലുണ്ടായ കുറവ് , ആഭ്യന്തര വൈദ്യുതി ഉൽപാദനം കുറഞ്ഞത്, കാലാവസ്ഥാ വ്യതിയാനം മൂലം വൈദ്യുതി ഉപയോഗം ക്രമാതീതമായി വർധിച്ചത് എന്നീ കാരണങ്ങളാൽ പുറത്തുനിന്ന് ഉയർന്ന തോതിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. അധിക വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഹ്രസ്വകാല വൈദ്യുതി കരാറുകളിലൂടെയും, പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ടി വന്നതിനാലും ഈ സാമ്പത്തിക വർഷം ഇതുവരെ 1180 കോടി രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കെ എസ് ഇ ബി എൽ - ന് ഇപ്പോൾ ഏകദേശം 11,000 കോടിയോളം രൂപയുടെ കട ബാധ്യത ഉണ്ട്. കൂടാതെ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങുമ്പോൾ തുക മുൻകൂറായി നൽകണം എന്ന വ്യവസ്ഥ മൂലം കെഎസ്ഇബിയുടെ ധനകാര്യ മാനേജ്മെൻറ് കടുത്ത സമ്മർദ്ദം നേരിടേണ്ടിവരുന്നുണ്ട്. ഇപ്പോൾ പ്രതിദിനം 5 കോടിയോളം രൂപ പവർ എക്സ്ചേഞ്ചിൽ ചെലവിടേണ്ടതായി വരുന്നു.<br><br>സാമ്പത്തിക പ്രയാസം തരണം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വൈദ്യുതി ചാർജിനത്തിൽ 31.12.2023 വരെ കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക പലിശ ഉൾപ്പെടെ 3347.43 കോടി രൂപയാണ്. ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിശിക മാത്രം 2479 കോടി |

| | | | |
|---|---|---|---|
| | | | രൂപയാണ്. ഇത് പ്രതിമാസം KWA അടയ്ക്കാത്തതിനാൽ 37 കോടി രൂപ വച്ച് വർദ്ധിക്കുകയാണ്. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വൈദ്യുതി ചാർജ്ജ് കുടിശ്ശിക നിവാരണം ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി തലത്തിൽ ചർച്ച നടത്തുകയുണ്ടായി. യോഗത്തിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത് പ്രകാരം വാട്ടർ അതോറിറ്റിയുടെ തനതുമാസ കറണ്ട് ചാർജ് ഒരു എസ്ക്രോ അക്കൗണ്ട് വഴി കെഎസ്ഇബിക്ക് അടയ്ക്കുന്നതിനുള്ള സർക്കാർ ഉത്തരവ് 30.10.2023 ന് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻകാല കുടിശികകൾ തീർപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. മറ്റ് സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശികനിവാരണവും അന്തിമഘട്ടത്തിലാണ്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ കെ എസ് ഇ ബി എൽ ന്റെ നഷ്ടമായ 1023.62 കോടി രൂപയുടെ 75 ശതമാനം ആയ 767.715 കോടി രൂപ സർക്കാർ ഏറ്റെടുത്തുകൊണ്ട് 16/12/2023-ൽ G.O. (Rt). No. 8908/2023/Fin ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കോവിഡ് കാലത്തു ഉൾപ്പെടെ വർദ്ധിച്ചുവരുന്ന വൈദ്യുത ചാർജ്ജ് കുടിശ്ശിക നിവാരണത്തിന് പലിശ ഇളവോടെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ സാമ്പത്തിക പ്രതിസന്ധി മൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തീരുമാനിച്ചിട്ടില്ല. |
| (സി) | സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് കെ.എസ്.ഇ.ബി. ചെയർമാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സാമ്പത്തിക സ്ഥിതി സംബന്ധിച്ച് കെ എസ് ഇ ബി എൽ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ഒരു കുറിപ്പ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കുറിപ്പ് പുറപ്പെടുവിച്ചതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ